വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈവശാവകാശം

108 (5790) ശ്രീ.മാങ്കോട് രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന പ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം കൈവശാവകാശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ കാലഘട്ടത്തിൽ ആദിവാസി സെറ്റിൽമെന്റുകളിലേക്ക് വൈദ്യുതി, റോഡ് തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനപ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം കൈവശാവകാശം നൽകിയിട്ടുണ്ട്. വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്ന നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് വനഭൂമിയിന്മേലുള്ള വ്യക്തിഗത അവകാശങ്ങൾക്കായി 36017 അപേക്ഷകളും സാമൂഹികാവകാശങ്ങൾക്കായി 1236 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇതുവരെ വ്യക്തിഗത അപേക്ഷകരിൽ 10238 കുടുംബങ്ങൾക്കായി 12105.47 ഏക്കർ ഭൂമിയിൽ അവകാശം കൊടുത്തിട്ടുണ്ട്. സാമൂഹികാവകാശം സംബന്ധിച്ച അപേക്ഷകളിൽ ഒന്നുംതന്നെ ഇതുവരെ തീരുമാനം ആയിട്ടില്ല.

(ബി) ഈ കാലഘട്ടത്തിൽ ആദിവാസി സെറ്റിൽമെന്റുകളിലേയ്ക്ക് വൈദ്യുതി, റോഡ് തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

വനവിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

109 (T5791) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭവങ്ങളുടെ വിപണനത്തിനായി അപ്പക്സ് ബോഡി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ;

(ബി) ഇവയുടെ വിപണനത്തിന് ഓരോ ജില്ലയിലും ഓരോ കേന്ദ്രം തുടങ്ങുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) വന വിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കൂടി സംവിധാനം ഉണ്ടാകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly